**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

......................................

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2426**

**05.11.2019 - ൽ മറുപടിക്ക്.**

**വ്യവസായങ്ങൾക്ക് ഉജ്ജീവന പദ്ധതി**

......................

ചോദ്യം

ശ്രീ. എസ്. രാജേന്ദ്രൻ

**മറുപടി**

**ശ്രീ. ഇ. പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).**

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | 2018-ലെ പ്രളയാനന്തരം വ്യവസായ വാണിജ്യ വകുപ്പ് & നടത്തിയ മൊബൈൽ സർവ്വേ യിൽ ഉൾപ്പെട്ടിട്ടുള്ള വ്യവസായ സ്ഥാപനങ്ങൾക്ക് പ്രഖ്യാപിച്ച ഉജ്ജീവന പദ്ധതി പ്രകാരം സംസ്ഥാനത്തെ വ്യവസായ ങ്ങൾക്ക് നൽകിയിട്ടുള്ള ആനുകൂല്യ ങ്ങൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ ; | (എ) : | പ്രളയാനന്തരം സർക്കാർ പ്രഖ്യാപിച്ച ഉജ്ജീവന സഹായ പദ്ധതി പ്രകാരം സംസ്ഥാനത്തെ വ്യവസായ യൂണിറ്റു കൾക്ക് നൽകിയ ആനുകൂല്യങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു |
| (ബി) | പ്രസ്തുത ഉജ്ജീവന പദ്ധതി പ്രകാരം വായ്പ ലഭിക്കുന്നതിന് സമർപ്പി ക്കുന്ന അപേക്ഷകൾ പ്രളയം മൂലം തിരിച്ചടവിൽ വീഴ്ച പറ്റിയതിനാൽ സിബിൽ സ്കോർ തൃപ്തികരമല്ല എന്ന കാരണത്താൽ ബാങ്കുകൾ നിഷേധിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) : | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ ശ്രദ്ധയിൽ പ്പെട്ട കേസുകൾ പരിഹരിക്കുന്ന തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | വ്യവസായങ്ങൾക്ക് ഉജ്ജീവന പദ്ധതി പ്രകാരമുള്ള ആനുകൂല്യ വിതരണം ഏത് ഘട്ടത്തിലാ ണെന്ന് വ്യക്തമാക്കാമോ ? | (സി) : | ഉത്തരം (എ) |

സെക്ഷൻ ഓഫീസർ.

ജക/24/10/19

## അനുബന്ധം

17/12/2018-ലെ സ.ഉ.(കൈ) 27/2018/DMD ഉത്തരവ് പ്രകാരം 2018-ലെ പ്രളയക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച വ്യവസായ സംരംഭകർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗങ്ങൾ പുനരാരംഭിക്കുന്നതിലേക്കായി സർക്കാർ ഉജ്ജീവന സഹായ പദ്ധതി പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നു. ഉജ്ജീവന പദ്ധതി പ്രകാരമുള്ള ആനുകൂല്യം വ്യവസായ വകുപ്പിന്റെ സർവ്വേയിൽ ഉൾപ്പെട്ട വ്യവസായ യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ എല്ലാ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരും സ്വീകരിക്കുകയും അർഹരായവരുടെ അപേക്ഷകൾ ബാങ്കുകൾക്ക് ശുപാർശ ചെയ്യുകയും ചെയ്തുവരുന്നു.

ഈ പദ്ധതി പ്രകാരം 28/10/2019-ലെ കണക്കു പ്രകാരം വിവിധ ജില്ലകളിലായി 1563 വ്യവസായ യൂണിറ്റുകൾക്ക് 112.95 കോടി രൂപയുടെ വായ്പ ബാങ്കുകളിൽ നിന്ന് ലഭ്യമാക്കിയിട്ടുണ്ട്. (MSMEs – 617 എണ്ണം- 62.55 കോടി രൂപ, ഷോപ്പ് (946 എണ്ണം)-50.40 കോടി രൂപ)

ഉജ്ജീവന സഹായ പദ്ധതിയുടെ ജില്ല തിരിച്ചുള്ള പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

| | *No. of applications submitted to Bank* | | | *Details of Loans sanctioned* | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | MSME | | Shop | | Total | |
| Districts | MSME | Shop | Total | No. | Amount (Lakhs) | No. | Amount (Lakhs) | No. | Amount (lakhs) |
| TVPM | 6 | 3 | 9 | 4 | 40.5 | 0 | 0 | 4 | 40.5 |
| KLM | 14 | 0 | 14 | 7 | 43.5 | 0 | 0 | 7 | 43.5 |
| PTA | 97 | 908 | 1005 | 58 | 290.09 | 186 | 1226.38 | 244 | 1516.47 |
| ALP | 216 | 333 | 549 | 92 | 574.02 | 106 | 282.86 | 198 | 856.88 |
| KTM | 34 | 17 | 51 | 15 | 82.75 | 9 | 37 | 24 | 119.75 |
| IDK | 123 | 240 | 363 | 39 | 133.72 | 88 | 292.7 | 127 | 426.42 |
| EKM | 347 | 519 | 866 | 225 | 3371.5 | 194 | 1252.198 | 419 | 4623.698 |
| TSR | 230 | 776 | 1006 | 102 | 950.79 | 179 | 1280.5 | 281 | 2231.29 |
| PKD | 9 | 17 | 26 | 8 | 41.7 | 9 | 41.9 | 17 | 83.6 |
| MLP | 50 | 66 | 116 | 38 | 273.685 | 46 | 208.05 | 84 | 481.735 |
| KKD | 43 | 84 | 127 | 17 | 341.4 | 53 | 142.92 | 70 | 484.32 |
| WYD | 31 | 39 | 70 | 12 | 111.64 | 62 | 212 | 74 | 323.64 |
| KNR | 2 | 18 | 20 | 0 | 0 | 14 | 63.4 | 14 | 63.4 |
| **Total** | **1202** | **3020** | **4222** | **617** | **6255.3** | **946** | **5039.91** | **1563** | **11295.203** |

സെക്ഷൻ ഓഫീസർ.

ജക/30/10/19